"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - ജീവനക്കാര്യം - കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ അന്യത്രസേവനം - ശ്രീ. ബിജു റ്റി.എം.-ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.607/2024/LBR തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:-

1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. 02/06/2023-ലെ സ.ഉ. (സാധാ) നമ്പർ 664/2023/തൊഴിൽ.
3. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11/04/2024-ലെ TWWFB-CE0/51/2023-B1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന, ഗവൺമെന്റ് സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീ. ബിജു റ്റി.എം.-ന്റെ അന്യത്രസേവന കാലാവധി രണ്ടാം തവണ ദീർഘിപ്പിച്ചു നല്കുന്നതിന് ടി ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ചു വരുന്ന പൊതുഭരണ സെക്രട്ടേറിയറ്റിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീ. ബിജു റ്റി.എം.-ന്റെ അന്യത്രസേവന കാലാവധി, അന്യത്രസേവന നിയമനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം (1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി 14/06/2024 മുതൽ ഒരു വർഷത്തേയ്ക്കു കൂടി (രണ്ടാം തവണ) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്,

തിരുവനന്തപുരം.

പൊതുഭരണ (സർവ്വീസസ്-എ) വകുപ്പ് (28/05/2024-ലെ SA3/99/2024-GAD നമ്പർ കുറിപ്പ് പ്രകാരം).

ശ്രീ. ബിജു റ്റി.എം., സീനിയർ ഗ്രേഡ് അസിസ്റ്റന്റ് (കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).

സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. LBRD-H1/49/2024-LBRD).

ഉത്തരവിൻ പ്രകാരം

Signed by

Ajish Kumar A

Date: 06-06-2024 17:04:06

സെക്ഷൻ ഓഫീസർ

പകർപ്പ്:- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.